(ബി) അവയുടെ പേരും അനുവദിച്ച തുകയും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

*ഉത്തരം*

(എ) 105 റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

**എൻ. ടി. പി. സി. പദ്ധതി**

86 [1820] *ശ്രീ. ടി. കെ. ദേവകുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എൻ. ടി. പി. സി. പദ്ധതി ബാധിതരുടെ നഷ്ടപരിഹാരതുക എൻ. ടി. പി. സി. സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എൻ. ടി. പി. സി. എന്തു തുകയാണ് നൽകിയിട്ടുള്ളത്;

(സി) പദ്ധതിബാധിതർക്ക് പൂർണ്ണമായി നഷ്ടപരിഹാരതുക വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(ഇ) നഷ്ടപരിഹാരം എന്നത്തേയ്ക്ക് പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയും എന്നു വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) പതിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി അമ്പത്തൊമ്പതി നായിരത്തി നാനൂറ്റി എൺപത്തിമൂന്ന് രൂപ.

(സി) ഇല്ല.

(ഡി) & (ഇ) നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതിലേക്കായി കോടതിയിൽ എൽ. എ. ആർ. കേസ്സുകൾ നിലവിലുണ്ട്. കോടതിവിധിക്ക് വിധേയമായി നഷ്ടപരിഹാരതുക പൂർണ്ണമായും നൽകുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly